SWATHANTHRA

# BOOK CATALOGUE

2024

SWATHANTHRA

# BOOK CATALOGUE




വിവാഹിതയായ സഹോദരിയോടൊഷം അരുതാത്ത സാഹചര്യത്തിൽ കാണാനിടയായ കാമുകനെ സാഹചര്യവശാൽ കൊന്നവനാണ് ബഷീർ. എങ്കിലും അയാളിൽ നന്മയുടെയും ഉദാരതയുടെയും വിട്ടുവീഴ്ചയുടെയും അനേകം തലങ്ങളുണ്ട്. നന്മ അന്വേഷിച്ചുചെല്ലുന്ന നോവലിസ്റ്റിന്റെ മിക്ക കഥാപാത്രങ്ങളും നന്മ തേടുകയും അത് ആരിൽ കണ്ടാലും അംഗീകരിക്കുകയും ചെയ്യുന്നവരാണ്. സ്വന്തം ചുറ്റുപാടുകളിൽ നിന്ന് ഒരു ലഘുനോവൽ ചികഞ്ഞെടുത്തിരിക്കുന്ന വിജയലക്ഷ്മി തീർച്ചയായും നമ്മുടെ ശ്രദ്ധയും പ്രോത്സാഹനവും അർഹിക്കുന്നുണ്ട്.

**– എം.എൻ. കാരശ്ശേരി**


**നോവൽ**

₹ 100.00

ISBN: 978-81-966098-3-2

SWATHANTHRA

# BOOK CATALOGUE




ലൈലയ്ക്ക് കഥ പറയാനറിയാം. അത് നിർത്തേണ്ടത്
എവിടെയാണെന്നറിയാം. അമേരിക്കയിലെ മലയാളികൾ
രചിക്കുന്ന കഥകളിൽ ഒന്നിനെക്കുറിച്ചെങ്കിലും
എനിക്ക് രണ്ട് നല്ല വാക്കുകൾ പറയാൻ കഴിഞ്ഞല്ലോ. ഈശ്വരനു നന്ദി.
ലൈല 'വിരലാൽ ഉന്നയിക്കുന്ന ദീപം' പരിസരത്തെ
തേജോമയമാക്കുന്നതുപോലെ കഥാഗതിയെ പ്രഭാതാരള്യത്തിൽ
ആമജ്ജനം ചെയ്യിക്കുന്നു. കഥയുടെ ഹ്രസ്വത ഇതിന്റെ
സവിശേഷതയായി ഞാൻ കാണുന്നു.

**– പ്രസിദ്ധ നിരൂപകനായ എം. കൃഷ്ണൻ നായരുടെ വാക്കുകൾ**

**കഥകൾ**

₹ 220.00

ISBN: 978-81-966098-2-5





അന്യന്റെ കുഞ്ഞിന്റെ ദൈന്യത സ്വന്തം കുഞ്ഞിൽ കാണുന്നവനാണ് എഴുത്തുകാരൻ. ഓരോ എഴുത്തുകാരനും തീപിടിച്ച ചിന്തകളുമായി, ക്രൂരമായ കാഴ്ചകളുമായി നടന്നു നീങ്ങുകയാണ്. ഒന്നു മിണ്ടാനാകാതെ വിരുദ്ധദിക്കുകളിലേക്ക് ഓടുന്ന തീവണ്ടികളെപ്പോലെ. കവി പറഞ്ഞുകൊണ്ടിരിക്കയാണ്, നന്മയുടെ സമഭാവനയുടെ, സഹനത്തിന്റെ, ത്യാഗത്തിന്റെ,

**– ഇന്ദിര ബാലൻ**

**കവിതകൾ**

₹ 170.00

ISBN: 978-81-966098-7-0





പ്രകൃതിയും, ആകാശവും പറഞ്ഞു തുടങ്ങിയ കവിതയിൽ പ്രണയവിപ്ലവങ്ങളും, അന്ധതയും, അലക്ഷ്യവും എന്നിങ്ങനെ വ്യത്യസ്ത പ്രമേയങ്ങൾ കടന്നുവന്നു. ഞെട്ടറ്റ് വീഴുന്ന ഇലയെ പിടിച്ചു വെക്കാൻ വിഫലശ്രമം നടത്തുന്ന ചില്ലകളും മടുത്തിട്ടും മടുക്കാത്ത പ്രണയിക്കുന്ന ഹൃദയങ്ങളും ഇരുവരും അക്ഷരങ്ങളിൽ കുറിച്ചു. ഇരുവരുടെയും കവിതകൾ വായിച്ചുകൊണ്ട് പ്രശസ്ത എഴുത്തുകാരൻ ശ്രീധരനുണ്ണി മാഷ് കുറിച്ചത് ഇങ്ങനെയാണ്: "എല്ലാം വായിച്ചു. മൊത്തത്തിൽ നന്നായി. ഭാവഗീതങ്ങളുടെ ഛായയുണ്ട്. എങ്കിലും ഒരു അമൂർത്തത ഫീൽ ചെയ്യും. അല്ലെങ്കിൽ പുതുകാലരചനകൾ അങ്ങനെയാണല്ലോ.  ആശംസകൾ."

**കവിതകൾ**

₹ 100.00

ISBN: 978-81-966098-1-8




ഷാജി പറഞ്ഞു, ഇനിയാണ് നമ്മൾ ശരിക്കും കാട്ടിലേക്ക് പ്രവേശിക്കുന്നത്, വളരെ ശ്രദ്ധിക്കണം... കാട്ടുപോത്തും, കാട്ടാനയും, കടുവയും വരെയുള്ള കാടാണ്. മാനും മുയലും കുറുക്കനും മന്തിയുമൊക്കെയുണ്ടെങ്കിലും അവയൊന്നും അപകടകാരികളല്ല, കരിയിലയിൽ ചവിട്ടിനടക്കുമ്പോൾ അണലിയെയും പെരുമ്പാമ്പിനെയും വരെ ശ്രദ്ധിക്കണം...  എന്റെ ആവേശവും, കൗതുകവും ഒരു നിമിഷംകൊണ്ട് ആശങ്കയായി മാറി, തൊണ്ടവരളുന്ന പ്രതീതി... ഹൃദയമിടിപ്പ് കൂടി... ഈ സമയം ഒരലർച്ചയോടെ എന്റടുത്തേക്കോടിയെത്തിയ  ബാലൻ എന്നെ മറുവശത്തേക്കു തള്ളിയിട്ടു!


**ഓർമ്മകൾ**

₹ 120.00

ISBN: 978-81-966098-4-9

SWATHANTHRA

# BOOK CATALOGUE




പ്രവാസത്തിന്റെയും കാരാഗൃഹവാസത്തിന്റെയും വൈരുദ്ധ്യങ്ങളിലൂടെ സഞ്ചരിക്കുന്ന രണ്ട് നോവലെറ്റുകളാണ് ഈ പുസ്തകത്തിലെ പ്രതിപാദ്യം. കുടിയേറ്റവും പ്രളയവും പ്രണയവും പീഡനവും അദ്ധ്യാത്മികതയും വിശ്വാസനിരാസവുമെല്ലാം ചേർന്നുള്ള വൈരുദ്ധ്യാത്മകത ഈ നോവലെറ്റുകളിൽ പ്രകടമാണ്. ഡോ. സാറയും താത്യയും നമ്മുടെ കൺമുന്നിൽ മായാതെ നിൽക്കുന്നതിന്റെ കാരണവും അതുതന്നെ.

**നോവലെറ്റുകൾ**

₹ 180.00

ISBN: 978-81-966098-8-7




കുടുബ ബന്ധങ്ങളുടെ ആത്മസമർപ്പണം കൊണ്ടും ലക്ഷ്മിപ്രഭാവം കൊണ്ടും അത്യുജ്വലമായി പ്രകാശം വിതറുന്ന പൂളാടിക്കുന്ന് എന്ന ഗ്രാമം ഈ നോവലിലുടനീളം തിളങ്ങി നിൽക്കുന്നുണ്ട്. വർഷങ്ങങ്ങൾക്കു മുമ്പേ രൂപം കൊണ്ട ഒരു കഥ നവീകരിച്ച്, ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ മനസാക്ഷി മരവിക്കാത്ത അഹോരാത്രം കഷ്ടപ്പെടുന്ന കുറെ നല്ല മനുഷ്യരുടെ യഥാതഥ ചിത്രീകരണമായി മാറുകയാണ് സുജാത പവിത്രന്റെ തൂലികയിലൂടെ. 'തൂക്കുപാലം' എന്ന പേര് അന്വർത്ഥമാക്കുന്ന കഥാപാത്രങ്ങളെയും അവരുടെ അനുഭവചിത്രങ്ങളും നോവലിലുടനീളം കാണാം.

**നോവൽ**

₹ 200.00

ISBN: 978-81-966098-0-1

SWATHANTHRA

BOOK CATALOGUE




ഇന്ത്യയും കേരളവും ഇന്ന് കടന്നുപോയ്ക്കൊണ്ടിരിക്കുന്ന വിവിധ സാഹചര്യങ്ങളെ സസൂക്ഷ്മം പഠന വിധേയമാക്കുന്ന ലേഖനങ്ങളാണ് ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അധ്യാപകനും എഴുത്തുകാരനുമായ പ്രഭാഷകനുമായ ആഷിക്ക് കെ.പി. നടത്തിയ നിരന്തരമായ പഠനങ്ങളുടെ പ്രതിഫലനം ഈ ലേഖനങ്ങളിൽ ദർശിക്കാൻ സാധിക്കും. മലയാളിയുടെ പൊതുബോധത്തെയും വാർത്താവിശകലനത്തെ പരിപോഷിപ്പിക്കുന്ന ഒട്ടേറെ സൂചകങ്ങൾ ഇതിൽ കാണാം.


**ലേഖനങ്ങൾ**

₹ 170.00

ISBN: 978-81-966098-5-6

SWATHANTHRA

BOOK CATALOGUE




ബാഹ്യമായ ചലനങ്ങളല്ല പ്രധാനമായും കവിതയുടെ സൃഷ്ടിക്കു കാരണമാകേണ്ടത്. ആന്തരിക ചലനങ്ങളുടെ സുന്ദരവും വികാരോഷ്മളവുമായ പ്രകടനമാണ് കവിത. തന്റേതായ ജീവിതത്തിൽനിന്നും വാർന്ന് വീണത്. സ്വന്തം ഹൃദയചലനങ്ങളുമായി ബന്ധപ്പെട്ടത്, സ്വന്തം പ്രതിഭയിൽ വികസിച്ചത് – ഇതാണ് ഉത്തമ കവിത. വായനയ്ക്കും വിജ്ഞാന സമ്പാദനത്തിനും ഏറെ പ്രാധാന്യമുള്ള ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും ഇതൊരു റഫറൻസ് ഗ്രന്ഥമാകുമെന്ന് തീർച്ച.

**എരുമേലി പരമേശ്വരൻപിള്ള**

**കവിതകൾ**

₹ 150.00

ISBN: 978-81-966098-9-4

SWATHANTHRA

BOOK CATALOGUE




ഗാന്ധിയെപ്പെറ്റതൻ ചങ്ങല നീക്കിയ
ക്ഷാന്തവനിതയാണെന്റെ നാട്
രക്തക്കറകണ്ടു യുദ്ധം നിറുത്തിയ
പൊന്നശോകന്റെയും ജന്മനാട്
ജാതിമതഭേദ ചിന്തകളില്ലാത്ത
മക്കൾക്കൊരീറ്റില്ലമെന്റെ നാട്
എന്നുമീ വിശ്വത്തിൻ ദീപമായിത്തീരട്ടെ
എന്നും വഴികാട്ടിയായിടട്ടെ
സത്യവും, ധർമ്മഹിംസയും സ്നേഹവും
കാത്തു രക്ഷിക്കട്ടെയെന്റെ നാട്.

*എന്റെ നാട്*


**ബാലസാഹിത്യം**

₹ 130.00

ISBN: 978-81-966098-6-3

SWATHANTHRA

# BOOK CATALOGUE




വള്ളിക്കുന്ന് ജി.എൽ.പി.എസ്. വിദ്യാർത്ഥികളുടെ വിവിധങ്ങളായ രചനകൾക്ക് വേദിയൊരുക്കാൻ സ്വതന്ത്ര ബുക്സിന് സാധിച്ചു എന്നതാണ് ഈ പുസ്തകത്തിന്റെ പ്രധാന സവിശേഷത. ഒരു പബ്ലിഷിങ് ഹൗസ് നേരിട്ട് ഇത്തരമൊരു പുസ്തകം പുറത്തിറക്കുന്നത് ചിലപ്പോൾ ചരിത്രമാകാം. വള്ളിക്കുന്ന സ്കൂളിലെ സഹൃദയരായ വിദ്യാർത്ഥികൾക്കൊപ്പം അധ്യാപകരും രക്ഷിതാക്കളും കൈകോർത്തപ്പോൾ വലിയൊരു ഉദ്യമം ലക്ഷ്യപ്രാപ്തിയിലെത്തി.

**ബാലസാഹിത്യം**

₹ 50.00

SWATHANTHRA

BOOK CATALOGUE




മറവിയുടെ ആഴങ്ങളിൽ ഉപേക്ഷിക്കപ്പെട്ട സ്നേഹത്തിന്റെ കുഞ്ഞു നക്ഷത്രങ്ങളെത്തേടി ദീപ്തി ഭരതൻ വേദനയോടെ നടക്കുകയാണ്. വയലും തൊടിയും നാട്ടുമാഞ്ചോട്ടും കടന്ന് പ്രിയമുള്ളതെന്തൊക്കെയോ ബാക്കിയായ പുരാവസ്തുക്കൾക്കിടയിലൂടെ, അകം നൊന്തു നടക്കുമ്പോൾ തോന്നുന്ന സങ്കടങ്ങളാണ് കവിതയായി പ്രവഹിക്കുന്നത്. ബന്ധങ്ങളുടെ നൈർമ്മല്യവും ഇഴയടുപ്പവും നഷ്ടപ്പെടാതിരിക്കാൻ കഴിവതും പരിശ്രമിക്കുന്നു. ബാല്യത്തിന്റെ നിഷ്കളങ്കതയും യൗവനത്തിന്റെ പ്രണയവും ഒതുക്കിപ്പിടിച്ച നടത്തത്തിന് നാട്ടുമ്പുറത്തെ കാഴ്ചകളാണ് സാക്ഷി.

**പി.കെ. ഗോപി**

**ബാലസാഹിത്യം**

₹ 150.00

ISBN: 978-81-969205-6-2

SWATHANTHRA

BOOK CATALOGUE




"ദിവസങ്ങളും മാസങ്ങളും കടന്നുപോയി... ഒരു മാറ്റവുമില്ലാതെ,
ബോണിയുടെ അമ്മ ആ കട്ടിലിൽ കിടന്നു. മാറിക്കൊണ്ടിരിക്കുന്നത്
ബോണിയുടെ ജീവിതമായിരുന്നു."
ലളിതമായ ആഖ്യാനശൈലിയിലുള്ള പതിമൂന്ന് കഥകൾ.
മനുഷ്യന്റെ വികാര വിചാരങ്ങൾ ഇവിടെ ഇഴകീറി പരിശോധിക്കുന്നു.
കഥാകാരികൾ പൊതുവെ കടന്നുപോകാനിടയില്ലാത്ത
ഇതിവൃത്തങ്ങളിലേക്ക് ഈ കഥകൾ നമ്മെ നയിക്കുന്നു.

**കഥകൾ**

₹ 130.00

ISBN: 978-81-969205-2-4

SWATHANTHRA

BOOK CATALOGUE




'ഗോവണ്ടിയിലെ അറവുശാലയും മറാത്ത് വാഡയിലെ വരൾച്ച വിഴുങ്ങിയ ഗ്രാമങ്ങളും വെറും കഥകളല്ല, പച്ചയായ യാഥാർത്ഥ്യങ്ങളാണ്. ഒരു സ്പർശത്തിൽ ഒരുപാട് സ്പന്ദനം അടങ്ങിയിട്ടുള്ള ഒന്ന്. മുംബൈ നഗരം ചേരികളാൽ നിബിഢമാണ്. നന്മയും തിന്മയും അവിടെ കിളിർത്തു പൊന്തുന്നു. അവിടെയും നിരവധി കഥകൾ ഉറഞ്ഞു കിടപ്പുണ്ട്. ഭൗതികവും ആന്തരികവുമായ എഴുത്തിന്റെ ചോദനയാൽ പരുവപ്പെടുത്തിയ ഈ കഥകളിലെ അക്ഷരങ്ങൾക്ക് അനീതികളെ ചെറുക്കാൻ വലിയൊരു പരിധിവരെ സാധിക്കുന്നുണ്ട്.

**കഥകൾ**

₹ 150.00

ISBN: 978-81-969205-8-6

SWATHANTHRA

BOOK CATALOGUE




ലോകത്തിലെ ഏറ്റവും ഉയരം കൂടി കല്ലുപ്രതിമകളുടെ നാടായ കാനഡയിലൂടെയുള്ള മനംകുളിർപ്പിക്കുന്ന യാത്രാനുഭവങ്ങളാണ് ഈ പുസ്തകത്തിൽ. ഇനുഷ്കുക് കല്ലുപ്രതിമകളിൽ തുടങ്ങുന്ന സഞ്ചാരം മെറോമിക്റ്റിക് തടാകം കടന്ന് മേപ്പിൾ സിറപ്പുത്സവവും ഷാ ഫെസ്റ്റിവലും ആഘോഷിച്ച് മേരിയുടെ കുരിശിന്റെ വഴിയിലൂടെ പോകുന്നതിനിടയിൽ സ്വപ്നപിട്ടുത്തക്കാരൻ, ഒരു പ്രേതക്കപ്പലിന്റെ കദനകഥ, മിസിസ്സോഗ നഗരത്തിന്റെ തിലകക്കുറി, ആത്മാക്കളുടെ ദിവസം, നയാഗ്ര, ബ്രാഡ്‌ലി മ്യൂസിയം, പോർട്ട് ബർവെൽ, ബോണച്ചേർ ഗുഹകൾ, ഹ്യൂറോൺ ഗ്രാമവും മ്യൂസിയവും തുടങ്ങി കാനഡയുടെ അഭിമാനസ്തംഭങ്ങൾ ഇവിടെ ദർശിക്കാം.

**യാത്രാവിവരണം**

₹ 220.00

ISBN: 978-81-969205-9-3

SWATHANTHRA

BOOK CATALOGUE




ഏച്ചുകെട്ടലുകളില്ലാത്ത, വലിച്ചു നീട്ടലുകളില്ലാത്ത, അനാവശ്യമായ അലങ്കാര പ്രയോഗങ്ങളോ വർണ്ണനാ ബാഹുല്യങ്ങളോ, മടുപ്പിക്കുന്ന ആവർത്തനങ്ങളോ ഇല്ലാതെ  ലളിതമായ കൊച്ചു കൊച്ചു വാചകങ്ങളിലൂടെ നേരിട്ട് വായനക്കാരന്റെ ഹൃദയാന്തരാളങ്ങളിലേയ്ക്ക് കടന്നു ചെന്ന് സംവദിക്കുന്ന ഒരു രചനാശൈലി അവലംബിച്ചിട്ടുള്ള എട്ട് കഥകളാണ് ഈ പുസ്തകത്തിലുള്ളത്. ഈ സമാഹാരത്തിലെ കഥകളിലെല്ലാം സ്വന്തം വ്യക്തിത്വങ്ങളുള്ള സ്ത്രീ കഥാപാത്രങ്ങളെയാണ് നമുക്കു കാണാൻ കഴിയുക.

**കഥകൾ**

₹ 130.00

ISBN: 978-81-969205-3-1




പ്രകൃതിയിലേക്ക് കണ്ണും കാതും പറിച്ച് നട്ട ഒരു പിഞ്ചുഹൃദയത്തിന്റെ മുഴുവൻ നൈർമ്മല്യവും ചാലിച്ച് ചേർത്ത കവിതകൾ. വായിക്കുമ്പോഴൊക്കെയും ഭാഷയിൽ കൂടി ഉതിർന്ന് വീഴുന്ന ചുറ്റുപാടിന്റെ സൗന്ദര്യം. പൂക്കളോടും പൂമ്പാറ്റയോടും കിന്നാരം ചൊല്ലുന്ന നിഷ്കളങ്ക സ്നേഹത്തെ നേരിൽ കണ്ടിട്ടില്ലെങ്കിലും വാക്കുകളിലൂടെ വായിച്ചെടുക്കുന്നു...

**ബാലസാഹിത്യം**

₹ 50.00

ISBN: 978-81-969205-4-8




ചിത്രകഥകളിൽ നിന്നും അമർചിത്രകഥകളിൽ നിന്നും മുന്നേറി കുട്ടികൾ കുറച്ചു കൂടി വലിയ കഥകളിലും നോവലുകളിലും എത്തിച്ചേരുന്നു. വായനയുടെ ആദ്യ പടവുകളിൽ അവരെ ആവേശിക്കുക സാഹസിക തയും ധീരതയുമൊക്കെയാവും. ചില രചനകൾ ശ്വാസമടക്കി ഒറ്റയിരുപ്പിൽ വായിച്ചു തീർത്തുകളയും കുട്ടികൾ. ശ്രീമതി ബീന വിജയൻ എഴുതിയ ഈ നോവൽ അങ്ങനെ കുട്ടികളെ പിടിച്ചിരുത്തുന്ന ഒരു രചനയാണ്. അക്ഷരാർഥത്തിൽ അവിടെയൊരു കുടുക്കൽ ഉണ്ട്. ഉദ്വേഗജനകമായി കുട്ടികളെ എഴുത്തിനൊപ്പം നടത്താൻ കഴിയും വിധമാണ് ബീന വിജയൻ എന്ന എഴുത്തുകാരി ഈ ചെറിയ നോവലിനെ സൃഷ്ടിച്ചിരിക്കുന്നത്.

**ബാലസാഹിത്യം**

₹ 130.00

ISBN: 978-81-969205-0-0




കാലത്തിന്റെ കൈവെള്ളയിൽ കർമ്മത്തിന്റെ തഴമ്പുകൾക്ക് പകരം, അന്യന്റെ ജീവിതത്തിൽ കരിപകരുന്ന കസർത്തുകളുടെ മേളാങ്കമാണ് കണ്ടുകൊണ്ടിരിക്കുന്നത്. സ്വന്തം ജീവിതം കൊണ്ട് മറ്റുള്ളവർക്ക് താഴമ്പൂ മണം പകർന്ന പൂർവ്വികരുടെ തലമുറക്കാർ, ആൺ--പെൺ വ്യത്യാസമില്ലാതെ, വലിപ്പച്ചെറുപ്പ വ്യതിയാനമില്ലാതെ പരസ്പരം താഴിട്ട് പൂട്ടാൻ മത്സരിച്ച് കൊണ്ടിരിക്കുന്ന കാലമാണിത്. ജീവിതയാത്രയിൽ കണ്ടുമുട്ടുന്ന മുഖങ്ങളിൽ നിഴലിക്കുന്ന, സന്തോഷങ്ങൾക്കും, സങ്കടങ്ങൾക്കും അക്ഷരം കൊണ്ട് നിറം പകരാനുള്ള എളിയ ശ്രമമാണ് ഈ പുസ്തകം. അനീതിയോടും അക്രമത്തോടും സന്ധി ചെയ്യാൻ കൂട്ടാക്കാത്ത മാനസികാവസ്ഥ എടുത്തെറിയുന്ന തീക്കല്ലുകളാണ് ഓരോ കവിതയും.

**കവിതകൾ**

₹ 120.00

ISBN: 978-81-969205-5-5

SWATHANTHRA

BOOK CATALOGUE




പെണ്ണുടലിനെയും പെൺകാമനകളെയും മുൻവിധിയോടുകൂടി സമീപിക്കുന്ന മുഖ്യധാര സിനിമകളിലെ ചതി ആരും ശ്രദ്ധിക്കുന്നില്ല എന്നതാണ് വാസ്തവം. പുരുഷന്റെ താല്പര്യപൂർത്തീകരണത്തിന് മാത്രം പാത്രീഭൂതരാകുന്ന കഥാപാത്ര സൃഷ്ടിയിലൂടെ ഈ ചിത്രങ്ങൾ മലയാളി മനസ്സുകളിൽ വേരൂന്നിയിരിക്കുന്നു. അറിഞ്ഞോ അറിയാതെയോ ആബാലവൃദ്ധം ജനങ്ങളുടെ പ്രജ്ഞ പ്രസ്തുത ആഖ്യാനത്തിന്റെ അടിത്തട്ടിൽ മയക്കത്തിലൊളിക്കുന്നു. മണിച്ചിത്രത്താഴ്, പ്രണയവിലാസം, ഭ്രമയുഗം, ആടുജീവിതം, പാൽത്തു ജാൻവർ, ഒപ്പെൻഹൈമെർ, വെളിപാട്, തിങ്കളാഴ്ച നിശ്ചയം എന്നീ സിനിമകളിലേക്കുള്ള അകക്കണ്ണാണ് ഈ പുസ്തകം.


**ലേഖനങ്ങൾ**

₹ 180.00

ISBN: 978-81-969205-7-9

SWATHANTHRA

# BOOK CATALOGUE




ഏതൊരു മലയാളിക്കും അമേരിക്ക എന്നത് എന്നും ഭ്രമിപ്പിക്കുന്ന വികാരമാണ്. പതിറ്റാണ്ടുകൾക്ക് മുമ്പ് അമേരിക്കയിലേക്ക് നടത്തിയ മലയാളികളുടെ കുടിയേറ്റം ഇന്നും തുടരുന്നു. പുതുതലമുറയുടെയും ഏറ്റവും ഇഷ്ടകേന്ദ്രമായി അമേരിക്ക ഇന്നും ഒളിമങ്ങാതെ മനസ്സിൽ നിലകൊള്ളുന്നു. അമേരിക്കയിൽ സ്ഥിരതാമസമാക്കിയ ഒരു മലയാളിയുടെ, പ്രത്യേകിച്ചും യാത്ര ഇഷ്ടപ്പെടുന്ന ഒരാളുടെ അമേരിക്കൻ യാത്രക്കുറിപ്പുകൾ ഏറ്റവും അനുയോജ്യമാകുന്നത് ഈ സാഹചര്യത്തിലാണ്. ചിക്കാഗോയിൽ സ്ഥിരതാമസമാക്കിയ ടെക്കിയായ എസ്. അനിലാൽ തെക്കേ അമേരിക്ക, അമേരിക്ക, മെക്സിക്കോ എന്നിവിടങ്ങളിൽ നടത്തിയ യാത്രകളുടെ നേർവിവരണമാണ് ഈ പുസ്തകം.

**യാത്രാവിവരണം**

₹ 190.00

ISBN: 978-81-969205-1-7




മുതിർന്ന ഗ്രന്ഥശാല പ്രവർത്തകനും ട്രേഡ് യൂണിയൻ നേതാവും സിപിഐഎം പൊളിറ്റ് ബ്യൂറോ അംഗമായ എം.എ. ബേബിയുടെ സഹോദരനുമായ എം.എ. ജോൺസൺ നിരന്തരമായ വായനയിലൂടെ തഴക്കം വന്ന വ്യക്തിത്വമാണ്. അദ്ദേഹത്തെ ഏറെ സ്വാധീനിച്ച 16 കഥകളാണ് ഈ സമാഹാരത്തിലുള്ളത്. ഓരോ കഥകളെയും കുറിച്ച് ദർശനം വായനാമുറിയിൽ അംഗമായിട്ടുള്ള കേരളത്തിന്റെ നാനാഭാഗത്തുള്ള സാഹിത്യകുതുകികൾ എഴുതിയ ചെറു ആസ്വാദനക്കുറിപ്പും ഈ പുസ്തകത്തിന് മൗലികതയാണ്. വൈവിധ്യമാർന്ന കഥാകൃത്തുക്കളുടെ എഴുത്തുശൈലികളുടെയും കഥാഘടനയുടെയും സമ്മേളനം ഈ കഥാസമാഹാരത്തിൽ ദൃശ്യമാണ്.

**കഥകൾ**

₹ 300.00

ISBN: 978-81-983147-5-8




മുതിർന്ന ഗ്രന്ഥശാല പ്രവർത്തകനും ട്രേഡ് യൂണിയൻ നേതാവും സിപിഐഎം പൊളിറ്റ് ബ്യൂറോ അംഗമായ എം.എ. ബേബിയുടെ സഹോദരനുമായ എം.എ. ജോൺസ്ണെ 2023–24 കാലഘട്ടത്തിൽ സ്വാധീനിച്ച 11 ലേഖനങ്ങണ്. ഈ സമാഹാരത്തിലുള്ളത്. ട്രാൻസ്ജെന്റർ, LGBTQR+, നോവലിലെ സ്ത്രീകൾ, കാവുകളും സംസ്കൃതിയും, സ്വാതന്ത്ര്യസമരവിപ്ലവങ്ങൾ, നാടകത്തിന്റെ അരങ്ങ്, സംഗീതസമ്രാട്ടിന്റെ ജീവചരിത്രം, എഴുത്തുകാരന്റെ സൃഷ്ടി എങ്ങനെ, ശരീഅത്ത് നിയമം എന്നിങ്ങനെ വിപുലമായ വിഷയങ്ങൾ ഈ ലേഖനങ്ങളിൽ ചർച്ചചെയ്യപ്പെടുന്നു. വിവിധ ലേഖകരുടെ വ്യത്യസ്തമായ ആഖ്യാനശൈലിയും കാഴ്ച്ചപ്പാടുകളും ഈ സമാഹാരത്തിൽ ദർശിക്കാം.

**ലേഖനങ്ങൾ**

₹ 160.00

ISBN: 978-81-983147-7-2

SWATHANTHRA

BOOK CATALOGUE




മലയാള സാഹിത്യ നിരൂപണം, പഠനം, പുനരാഖ്യാനം, വിവർത്തനം എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച എം.എൻ. കാരശ്ശേരിയുടെ മികച്ച 12 ലേഖനങ്ങൾ കോർത്തിണക്കിയ ലേഖനസമാഹാരമാണിത്. കേരളത്തിലെ മുസ്ലിം സമൂഹം, കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക നിലവാരം, സ്ത്രീപക്ഷ നിലപാട്, മാരാരുടെ കർണ്ണസങ്കല്പം, ഗാന്ധിയുടെയും ശ്രീനാരായണഗുരുവിന്റെ സങ്കല്പങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന വിഷയങ്ങളിലൂടെ ഈ ലേഖനങ്ങൾ വായനക്കാരനെ കൂട്ടിക്കൊണ്ടുപോകും. സൗമ്യമായ നർമ്മം കലർന്ന കാരശ്ശേരി ശൈലി തീർച്ചയായും അനുഭവവേദ്യമാകുന്ന മികച്ച പുസ്തകം.

**ലേഖനങ്ങൾ**

**₹ 130.00**

SWATHANTHRA

BOOK CATALOGUE




വൈക്കം മുഹമ്മദ് ബഷീറിനെക്കുറിച്ച് ഏറ്റവും സരസമായും സമഗ്രമായും പഠിക്കുകയും അപഗ്രഥിക്കുകയും എഴുതുകയും ചെയ്ത സാഹിത്യകാരനാണ് എം.എൻ. കാരശ്ശേരി. ബഷീറിനെക്കുറിച്ചുള്ള ഇദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ബഷീർ വായന ഇഷ്ടപ്പെടുന്ന അനേകായിരം സാഹിത്യകുതുകികൾക്ക് ബഷീർ കൃതികളിലേക്കുള്ള ഒരു കവാടമാണ്. കാരശ്ശേരിയും ബഷീറും തമ്മിലുള്ള ഐക്യം ഈ എഴുത്തിലെല്ലാം പ്രകടമാകും.
സൗമ്യമായ നർമ്മം കലർന്ന കാരശ്ശേരി ശൈലി കൂടിയാകുമ്പോൾ ഈ പുസ്തകം ഒറ്റയിരുപ്പിൽ വായിച്ചുതീരാവുന്ന ഒരു മികച്ച സൃഷ്ടിയാകുന്നു.

**ലേഖനങ്ങൾ**

₹ 160.00

SWATHANTHRA

**SWATHANTHRA BOOKS**

Poovathodikayil
Chelavoor P.O.
Kozhikode - 673 571
Phone: 62384 75812
Email: swathanthrabooks@gmail.com
Web: www.swathanthrabooks.com